(സി) സ്വയം സഹായ സംഘങ്ങൾ പ്രതിവർഷം എത്ര തുകയ്ക്കുള്ള ഉൽപ്പാദനം നടത്തുന്നു;

(ഡി) അവയുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുന്നതിനും അവയ്ക്ക് കൂടുതൽ പ്രോൽസാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകേണ്ടതിനെ സംബന്ധിച്ചും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു സമിതിയെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് 46,511 സ്വയം സഹായസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളെ സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) ഗ്രാമവികസന വകുപ്പ് മുഖേന സ്വയം സഹായ സംഘങ്ങൾക്ക് 5,255.57 ലക്ഷം രൂപ ബാങ്ക് വായ്പയായി നൽകിയിട്ടുണ്ട്.

(സി) സ്വയം സഹായ സംഘങ്ങളുടെ പ്രതിവർഷ ഉൽപ്പാദനം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ഡി) ഗ്രാമവികസന വകുപ്പ് ഇത്തരത്തിലുള്ള ഒരു സമിതിയെ നിയമിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ജോലിക്ക് കൂലി ഭക്ഷണം പരിപാടി

178 [3583] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജോലിക്ക് കൂലി ഭക്ഷണം പരിപാടിയിൽ ഉൾപ്പെടുത്തി 2003-04 വർഷം എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) നടപ്പുവർഷം ഈ പദ്ധതിയിൽ ഓരോ ജില്ലയ്ക്കും എത്ര രൂപയാണ് നീക്കിവെച്ചതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 'ജോലിക്ക് കൂലി ഭക്ഷണം' എന്ന പേരിൽ ഒരു പദ്ധതി ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന അനുസരിച്ച് ത്രിതല പഞ്ചായത്തുകൾ മുഖാന്തിരം നടപ്പാക്കുന്ന സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന സ്കീമിൽ തൊഴിലാളികൾക്ക് വേതനത്തിന്റെ ഭാഗമായി ഭക്ഷ്യധാന്യം കൂടി നല്കുന്നതിനുള്ള വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതനുസരിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലും 2003-04 സാമ്പത്തിക വർഷം ചെലവഴിച്ച തുക അനുബന്ധം I-ഉം II-ഉം ആയി ചേർത്തിട്ടുണ്ട്. അനുബന്ധം I-ൽ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലൂടെയും, അനുബന്ധം II-ൽ ഗ്രാമപഞ്ചായത്തുകളിലൂടെയും ചെലവഴിച്ച തുകകളാണ് ചേർത്തിട്ടുള്ളത്. ഇതിന് പുറമേ കേന്ദ്ര സർക്കാർ അനുവദിച്ച ഭക്ഷ്യധാന്യം ഉൾപ്പെടുത്തി ത്രിതല പഞ്ചായത്തുകൾ/വിവിധ സർക്കാർ വകുപ്പുകൾ എന്നിവ മുഖാന്തിരം ജില്ലാ കളക്ടർമാർ മുഖേന സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (സ്പെഷ്യൽ കംപോണന്റ്) എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

(ബി) 2004-05 വർഷം ഈ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ 14 ജില്ലകൾക്കായി 7870.10 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 2624.00 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III-ൽ ചേർത്തിട്ടുണ്ട്.

ബാലുശ്ശേരിയിലുള്ള തേൻ സംഭരണകേന്ദ്രം

179 [3584] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിലുള്ള തേൻ സംഭരണ കേന്ദ്രത്തിൽ 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപയുടെ തേൻ സംഭരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കാലഘട്ടത്തിൽ ഓരോ സാമ്പത്തിക വർഷത്തേയും വിറ്റുവരവ് എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ഇവിടെ ആകെ എത്ര ജോലിക്കാരുണ്ട് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ)	വർഷം	സംഭരിച്ച തേനിന്റെ വില (രൂപ)
	2001-02	31,53,099
	2002-03	44,10,000
	2003-04	10,78,364
(ബി)	വർഷം	വിറ്റുവരവ് (രൂപ)
	2001-02	48,48,074
	2002-03	35,91,000
	2003-04	23,39,387

LIBRARY ARCHIVES Kerala Legislative Assembly